# ഉള്ളടക്കം


1. വിദ്യാലയത്തെക്കുറിച്ചുള്ള വിവരങ്ങൾ
2. ലക്ഷ്യങ്ങൾ
3. ആമുഖം
4. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
5. പ്രവർത്തന വിശദാംശങ്ങൾ
6. ഉപസംഹാരം

# വിദ്യാലയത്തെക്കുറിച്ചുള്ള വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി.യു.പി.എസ്. കാര്യവട്ടം |
| വിലാസം | : | കാര്യവട്ടം പി.ഒ., തിരുവനന്തപുരം - 695581 |
| ഫോൺ | : | 9747584419 |
| സ്കൂൾ കോഡ് | : | 43451 |
| വിദ്യാഭ്യാസ ഉപജില്ല | : | കണിയാപുരം |
| വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി. | : | കണിയാപുരം |
| സി.ആർ.സി. | : | കരിയം |
| കോർപ്പറേഷൻ | : | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : | കഴക്കൂട്ടം |
| ലോക്സഭാ മണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | തിരുവനന്തപുരം |
| വില്ലേജ് | : | പാങ്ങപ്പാറ |
| ഇ.മെയിൽ | : | gupskvtm@gmail.com |

# ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും ഗുണപരവും സൗജന്യമായ വിദ്യാഭ്യാസം 3-13 വയസ്സുവരെ ഉറപ്പുവരുത്തുക.

2. എൽ.കെ.ജി. മുതൽ 7-ാം ക്ലാസ്സു വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട പഠന നേട്ടങ്ങൾ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി നേടിയെന്ന് ഉറപ്പാക്കും.

3. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

4. ശുചിത്വം, പാരിസ്ഥിതിക ബോധം, ജനാധിപത്യ ചിന്ത, അനുതാപം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

5. പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

# ആമുഖം

ദേശീയ അന്തർദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസ രംഗത്ത് ഏറെ മുന്നിലാണെന്ന് കണക്കുകൾ തെളിയിക്കുന്നു. സുസ്ഥിര സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതുവിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം കൂടിയാണ്.

നിലവിലെ സ്ഥിതിയുടെ അവസ്ഥാവിശകലനം നടത്തി മികവുകളും പരിമിതികളും അർത്ഥത്തിൽ തിരിച്ചറിഞ്ഞു കൊണ്ട് യഥാർത്ഥ പ്രശ്നങ്ങൾ സൂക്ഷ്മതലത്തിൽ കണ്ടെത്താനും പരിഹരിക്കാനും ഓരോ വിദ്യാലയവും രൂപീകരിക്കുപന്ന അടിസ്ഥാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതത് തലങ്ങഴങ്ങളിലുള്ള പഠന നേട്ട ങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി പഠനം ആസ്വാദ്യകരമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷം ഒരുക്കുവാനും അക്കാദ മിക മാസ്റ്റർ പ്ലാൻ ഉതകുന്നു.

നൂറ്റി ഇരുപത്തഞ്ചു വർഷങ്ങൾ പഴക്കമുള്ള കാര്യവട്ടം ഗവ. യു.പി. സ്കൂൾ കണിയാ പുരം ഉപജില്ലയിൽ പാഠ്യപാഠ്യേതര രംഗങ്ങളിൽ സ്ഥിരമായി മികവു പുലർത്തുന്ന വിദ്യാലയ മാണ്. പ്രാദേശികമായും ഭൂമിശാസ്തപരമായും ഒട്ടേറെ പ്രത്യേകതകളുള്ള കാര്യവട്ടം ലോക്കൽ റിസോഴ്സ് കൊണ്ടും സമ്പന്നമാണ്. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, കാര്യവട്ടം ശ്രീക ണ്ഠൻനായർ തുടങ്ങിയ പ്രഗത്ഭമതികൾ അക്കാദമിക് രംഗത്ത് സ്കൂളിന് ശരിയായ ദിശാബോധം നൽകാൻ പോന്നവരാണ്.

രക്ഷാകർതൃ സമിതിയുടെയും തദ്ദേശവാസികളുടെയും അധികാരികളുടെയും പിന്തു ണയോടെ സ്വരൂപിച്ച അഭിപ്രായങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് രൂപപ്പെടുത്തിയ 2025-26 വർഷത്തേക്കുള്ള അക്കാദമിക മാസ്റ്റർപ്ലാൻ പൊതുസമൂഹത്തിനു മുന്നിൽ സമർപ്പിക്കു ന്നു.

**കൃഷ്ണൻകുട്ടി മടവൂർ**

(ഹെഡ്മാസ്റ്റർ)

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| - ഭാഷാശേഷി വികസനം<br>- ഗണിതശേഷി വികസനം<br>- ഇംഗ്ലീഷ് പഠന പരിപോഷണം<br>- ശാസ്ത്ര പോഷണ പരിപാടി<br>- വായനാ പരിപോഷണം<br>- ലൈബ്രറി ശാക്തീകരണം<br>- നാടകക്കളരി<br>- ജൈവ വൈവിധ്യ പാർക്ക്<br>- പഠനയാത്രകൾ<br>- കലാ-കായിക മേള<br>- ഐടി പരിശീലനം<br>- ക്ലാസ് പിടിഎ സജീവമാക്കൽ<br>- സ്കൂൾ പത്രം/മാസിക പഠനം<br>- എസ്.ആർ.ജി. ശാക്തീകരണം<br>- ശാസ്ത്ര അഭിരുചി വളർത്തൽ<br>- പച്ചക്കറിത്തോട്ടം<br>- പോഷകാഹാര പരിപാടി<br>- ഒറിഗാമി ശില്പശാല<br>- ഗണിതലാബ്<br>- ടേം മൂല്യനിർണയം നിരന്തരം വിലയിരുത്തൽ<br>- ദിനാചരണം<br>- കായികപഠനം<br>- കുട്ടി റേഡിയോ<br>- ഹൈഡ്രോപോണിക്സ് | - ചിൽഡ്രൻസ് പാർക്ക്<br>- ക്ലാസ്മുറികൾ<br>- സ്റ്റാഫ് മുറി<br>- കമ്പ്യൂട്ടർ റൂം<br>- ലൈബ്രറി<br>- മാലിന്യ സംസ്കരണം<br>- ലബോറട്ടറി<br>- എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>- വർണക്കൂടാരം | - പൂർവ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>- ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>- ഭവന സന്ദർശനംൊ |

**പ്രവർത്തനം – 1**

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക | ഇംഗ്ലീഷിൽ അസംബ്ലി അവതരിപ്പിക്കുക. | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ്സ് ടീച്ചർ | – | എച്ച്.എം. അധ്യാപക IQAC | |

**പ്രവർത്തന വിശദാംശം :**

അസംബ്ലിയുള്ള ദിവസങ്ങളിൽ തയാറാക്കുന്നു. ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ.

**പ്രവർത്തനം – 2**

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ 1-7 വരെ ക്ലാസുകൾ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപകർ | – | അധ്യാപകർ | |

**പ്രവർത്തന വിശദാംശം :**

ദൈനംദിന അനുഭവങ്ങളെ ക്രമത്തിൽ എഴുതാൻ കഴിയുന്നു. ഓരോ ക്ലാസ്സിനും അനുയോജ്യമായ എഴുത്തു രൂപം തയാറാക്കുക. എസ്.ആർ.ജി. ആസൂത്രണം ക്ലാസ് പിടിഎയിൽ ഡയറി എഴുത്തിന്റെ ഘടന പരിചയപ്പെടുത്തുന്നു. എഴുത്തു മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

**ലക്ഷ്യ പ്രസ്താവനകൾ :**

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സഹായിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യമാകുന്നു.

പ്രവർത്തനം – 3

പ്രവർത്തനത്തിന്റെ പേര് : റീഡേഴ്സ് തീയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | ഗദ്യഭാഗങ്ങൾ വായിച്ച് കഥാപാത്രങ്ങളെ വീതിച്ചെടുത്ത് നാട കീയമായി വായിച്ച് അവതരിപ്പിക്കുന്നു. | ടേമിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ | – | എച്ച്.എം. അധ്യാപക IQAC | |

പ്രവർത്തന വിശദാംശം :

- ക്ലാസ് പിടിഎയിൽ റീഡേഴ്സ് തീയറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തലും
- ഏകദിന റീഡേഴ്സ് തീയറ്റർ ശില്പശാല
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാങ്ങൾ തെരഞ്ഞെടുത്ത ലഘു ബാല സാഹിത്യകൃതികൾ എന്നിവ റീഡേഴ്സ് സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക.

ലക്ഷ്യ പ്രസ്താവനകൾ :

- സ്കൂളിലെ മുഴുവൻ കുട്ടികളേയും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നു.
- ഭാഷയിലെ പഠന മുന്നേറ്റത്തിന് ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തനം – 4

പ്രവർത്തനത്തിന്റെ പേര് : ലേണിങ് ലാഡർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | പാഠഭാഗത്തിന്റെ വ്യത്യസ്ത ഭാഗത്ത് നിന്ന് തെരഞ്ഞെടുത്ത വായ നകാർഡുകൾ ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു. അതിൽ നിന്നും തെരഞ്ഞെടുത്ത വാക്കുകൾ കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | മാസത്തിൽ ഒന്ന് | ടീച്ചർ | – | അധ്യാപകർ | |

**പ്രവർത്തനം – 5**

**പ്രവർത്തനത്തിന്റെ പേര് : പദപ്രശ്ന നിർമാണം**

**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| കളികളിലൂടെയുള്ള ഇംഗ്ലീഷ് പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമിക്കുന്നു. കുട്ടികൾ ഉത്തരങ്ങൾ കണ്ടെത്തുന്നു. വിജയികളെ പ്രഖ്യാപിക്കുന്നു. | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | സ്കൂൾ ഗ്രാന്റ് | അധ്യാപകർ | |

**പ്രവർത്തന വിശദാംശം :**

ഇംഗ്ലീഷ് പദപ്രശ്നം നിർമിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ അനുമോദിക്കുന്നു. ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠന പ്രവർത്തനങ്ങളോടൊപ്പം പദപ്രശ്ന രൂപീകരണം.

**പ്രവർത്തനം – 6**

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ**

**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ കുട്ടികൾക്ക് കാണാവുന്ന രീതിയിൽ വസ്തുക്കൾ ഒരുക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | സ്കൂൾ ഗ്രാന്റ് | IQAC | |

**പ്രവർത്തന വിശദാംശം :**

ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തൽ എസ്.ആർ.ജി.യിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

**പ്രവർത്തനം – 7**

**പ്രവർത്തനത്തിന്റെ പേര് : ഇ ക്യൂബ് ഇംഗ്ലീഷ്**

**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും ഫലപ്രദമായി ആക്ടിവിറ്റി ചെയ്യാനുമുള്ള ശേഷി വികസിപ്പിക്കാനും (1-7 വരെയുള്ള എല്ലാ കുട്ടികൾക്കും) | ഐ.സി.റ്റി. ഉപയോഗിച്ച് ഓരോ ക്ലാസിലെ കുട്ടികൾക്കും അനുയോജ്യമായ ലെവലിൽ ആക്ടിവിറ്റി സെലക്ട് ചെയ്ത് വായിക്കുവാനും ചെയ്യുവാനും കഴിയുന്നു. ഓരോ കുട്ടിക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു. | ആഴ്ചയിൽ 1 ദിവസം | ഇംഗ്ലീഷ് അധ്യാപകർ | സ്കൂൾ ഗ്രാന്റ് | അധ്യാപകർ | |

**പ്രവർത്തനം - 8**

**പ്രവർത്തനത്തിന്റെ പേര് : My Droplets**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു. | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, നിനി ഡിക്ഷണറി എന്നിവ തയാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | | ഇംഗ്ലീഷ് അധ്യാപകർ | |

**പ്രവർത്തനം - 9**

**പ്രവർത്തനത്തിന്റെ പേര് : അല്പം ലോകകാര്യം**

**ഉപമേഖല : ഭാഷാവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| കുട്ടികളിലെ ഭാഷാവികസനത്തോടൊപ്പം വാർത്താ ലോകത്തെ കുറിച്ച് കൂടുതൽ അറിയാൻ | ദൈനംദിന പത്രവാർത്തകൾ എഴുതിക്കുകയും അതുമായി ബന്ധപ്പെട്ട് മാസാന്ത്യത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു | പ്രതിമാസം | മലയാളം ക്ലബ്ബ് | | | |

**പ്രവർത്തനം – 10**

**പ്രവർത്തനത്തിന്റെ പേര്** : **എന്റെ അവധിക്കാലം**

**ഉപമേഖല** : **അടിസ്ഥാന ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | പഠിതാക്കൾ അവരുടെ അവധിക്കാലം അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | | | |

**പ്രവർത്തനം – 11**

**പ്രവർത്തനത്തിന്റെ പേര്** : **അഭിമുഖങ്ങൾ/സെമിനാറുകൾ**

**ഉപമേഖല** : **സർഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| സർഗ്ഗശേഷി പരിപോഷിപ്പിക്കൽ | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. പ്രാദേശികമായുള്ള കവികളേയും സാഹിത്യകാരന്മാരേയും ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ആർട്സ് ക്ലബ് | | | |

**പ്രവർത്തനം – 12**

**പ്രവർത്തനത്തിന്റെ പേര്** : **നാടകക്കളരി**

**ഉപമേഖല** : **ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | മലയാളം അധ്യാപകർ | | | |

**പ്രവർത്തനം - 13**

**പ്രവർത്തനത്തിന്റെ പേര് : കവി ഹൃദയങ്ങളിലേയ്ക്ക്**

**ഉപമേഖല : സർഗ്ഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| പ്രശസ്തരായ കവി/ സാഹിത്യകാരൻമാർ എന്നിവരുടെ സ്മാരക മന്ദിരങ്ങൾ സന്ദർശിക്കുന്നതിലൂടെ സർഗ്ഗശേഷി പരപോഷിക്കുന്നു. | പ്രശസ്തരായ കവി/ സാഹിത്യകാരന്മാർ എന്നിവരുടെ സ്മാരക മന്ദിരങ്ങൾ സന്ദർശിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | | | | |

**പ്രവർത്തനം - 14**

**പ്രവർത്തനത്തിന്റെ പേര് : രചനാശില്പശാല, കാവ്യോത്സവം, പാട്ടരങ്ങ്**

**ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാ സാമഗ്രികളുടെ നിർമാണം | കഥയരങ്ങ് കവിയരങ്ങ് രചനാ ശില്പശാല സംഘടിപ്പിക്കൽ | മൂന്ന് മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം കലാസാഹിത്യവേദി, ഭാഷാ, അധ്യാപകർ | PTA<br>SMC | IQAC | |

**പ്രവർത്തന വിശദാംശം :**

1-7 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തൽ ശില്പശാല സംഘടിപ്പിക്കൽ, സൃഷ്ടികൾ ശേഖരിക്കൽ, രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ്സ് റൂമിൽ ഉപയോഗിക്കൽ.

**പ്രവർത്തനം - 15**

**പ്രവർത്തനത്തിന്റെ പേര് : സർഗാത്മക ഡയറി**

**ഉപമേഖല : ഭാഷാവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പാഠഭാഗവുമായി ബന്ധപ്പെട്ട സംഭവങ്ങൾ തെരഞ്ഞെടുക്കൽ | ഒരു വർഷം | ഭാഷാധ്യാപിക | - | IQAC | |

**പ്രവർത്തന വിശദാംശം :**

പാഠഭാഗവുമായി ബന്ധപ്പെട്ട സംഭവങ്ങൾ തെരഞ്ഞെടുത്ത് കുട്ടികൾക്ക് ഇഷ്ടമുള്ള വ്യവഹാര രൂപങ്ങൾ (ചിത്രരചന, പത്രവാർത്ത, സംഭാഷണം, കഥ, കവിത) സർഗ്ഗാത്മക രചന

**പ്രവർത്തനം - 16**

**പ്രവർത്തനത്തിന്റെ പേര് : പത്രവാർത്ത**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ആനുകാലിക സംഭവങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നതിനും പൊതുവിജ്ഞാനം വളർത്തുന്നതിനും | ദൈനംദിന ആനുകാലിക സംഭവങ്ങൾ ബോർഡിൽ എഴുതിയിടുകയും അതിനെ ആസ്പദമാക്കി മാസന്ത്യത്തിൽ ക്വിസ് നടത്തുന്നു. വിജയികൾക്ക് അസംബ്ലിയിൽ സമ്മാനം നൽകുകയും ഓരോ മാസത്തേയും വിജയികളെ ഉൾപ്പെടുത്തി വർഷാവസാനം മെഗാക്വിസ് നടത്തി വിജയിയെ പ്രഖ്യാപിക്കുകയും | ജൂൺ മാർച്ച് | അധ്യാപകർ | | | |

**പ്രവർത്തനം - 17**

**പ്രവർത്തനത്തിന്റെ പേര് : ഡിജിറ്റൽ ലൈബ്രറി**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| സാങ്കേതികവിദ്യയിലൂടെ ലൈബ്രറി സിസ്റ്റം പരിചയപ്പെടുത്തുന്നു. വായനയിൽ താല്പര്യം ജനിപ്പിക്കുക. ഡിജിറ്റലൈസേഷന്റെ ഭാഗമാവുക കുട്ടികളിലെ അച്ചടക്കവും ചിട്ടയും വളർത്തുക | ടെക്നോപാർക്കിലെ സാങ്കേതിക വിദഗ്ധരുടെയും യൂണിവേഴ്സിറ്റി ക്യാമ്പിലെ ലൈബ്രറി ഡിപ്പാർട്ട്മെന്റിലെ ലൈബ്രേറിയനുമായി ചേർന്ന് ചുമതലപ്പെട്ട അധ്യാപകരുടെ മേൽനോട്ടത്തിൽ ലൈബ്രറി പുസ്തകങ്ങളുടെ ഡിജിറ്റലൈസേഷൻ | ജൂൺ - മാർച്ച് | വായന ക്ലബ് ചുമതല അധ്യാപകർ | പിടിഎ., എസ്.എം.സി ടെക്നോ പാർക്ക് യൂണിവേഴ്സിറ്റി ക്യാമ്പസ് കാര്യവട്ടം | | |

**പ്രവർത്തനം – 18**

**പ്രവർത്തനത്തിന്റെ പേര് : സ്കൂൾ പത്രം**

**ഉപമേഖല : രചനശേഷി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| കുട്ടികളിലെ എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുക. സർഗ്ഗാത്മകത വളർത്തുക, നവമാധ്യമങ്ങൾ പരിചയപ്പെടുക | സ്കൂളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി, അവരുടെ രചനകൾ, കാർട്ടൂണുകൾ, ഉൾപ്പെടുത്തി സ്കൂൾ പത്രം തയാറാക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | പിടിഎ, എസ്.എം.സി. സന്നദ്ധ സംഘടനകൾ | | |

**പ്രവർത്തനം – 19**

**പ്രവർത്തനത്തിന്റെ പേര് : ജന്മദിനത്തിനൊരു പുസ്തകം/ചെടി**

**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ക്ലാസ് ലൈബ്രറിയുടെ നവീകരണവും കുട്ടികളിലെ ശാസ്ത്ര അവബോധം വളർത്തലും | ജന്മദിനത്തിന് മിഠായിയും മധുര പലഹാരങ്ങളും ഒഴിവാക്കി 1 പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുകയോ സ്കൂൾ പൂന്തോട്ടത്തിലേക്ക് ഒരു ചെടി സംഭാവന ചെയ്യുകയോ ചെ യ്യുന്നു | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | | | |

**പ്രവർത്തനം – 20**

**പ്രവർത്തനത്തിന്റെ പേര് : കുട്ടി റേഡിയോ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| അവതരണ മികവ് | ഒഴിവ് സമയം കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി | | IQAC | |

**പ്രവർത്തനം – 21**

**പ്രവർത്തനത്തിന്റെ പേര് : ഗണിത ശില്പശാല**

**ഉപമേഖല : ഗണിതപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല/ ഗണിത ഫെസ്റ്റ് | ടേമിൽ 1 പ്രാവശ്യം | ഗണിതാധ്യാപകൻ | | | |

**പ്രവർത്തന വിശദാംശം :**

കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, ഫ്ളാഷ്കാർഡ് ............... ഉപയോഗിക്കുന്നു.

**പ്രവർത്തനം – 22**

**പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി ശില്പശാല**

**ഉപമേഖല : ഗണിതപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല | അക്കാദമിക വർഷം | ഗണിത അധ്യാപകൻ | | | |

**പ്രവർത്തന വിശദാംശം :**

ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിന് പരിശീലനം നൽകുന്നു. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ സവിശേഷതകൾ രൂപങ്ങൾ നിർമിക്കുന്നു. പ്രദർശനം നടത്തുന്നു.

**പ്രവർത്തനം – 23**

**പ്രവർത്തനത്തിന്റെ പേര് : ഗണിതമൂല**

**ഉപമേഖല : ഗണിതപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ഗണിതമൂല കണക്കുപെട്ടി | അക്കാദമിക വർഷം | അധ്യാപകൻ | | | |

**പ്രവർത്തന വിശദാംശം :**

വിദ്യാലയത്തിലെ ക്ലാസ്സ്മുറിയിൽ ഗണിത പഠനത്തിന്റെ ഉല്പന്നങ്ങൾ, ജ്യാമിതീയരൂപങ്ങൾ എന്നിവയ്ക്കു പ്രാധാന്യം നൽകി അവ ഗണിതമൂലയിൽ സജ്ജമാക്കുന്നു.

**പ്രവർത്തനം - 24**

**പ്രവർത്തനത്തിന്റെ പേര് : ഐ.ടി. സാധ്യതകളിലൂടെ**

**ഉപമേഖല : ഗണിതപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ | അക്കാദിക വർഷം | അധ്യാപകൻ | | | |

**പ്രവർത്തന വിശദാംശം :**

ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്കു പകരാൻ എളുപ്പം കഴിയുന്നു.

**പ്രവർത്തനം - 25**

**പ്രവർത്തനത്തിന്റെ പേര് : ഗണിത ക്ലിനിക്ക്**

**ഉപമേഖല : ഗണിതപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് | ആഴ്ചയിൽ ഒരു പിരീഡ് | അധ്യാപകനും സമർഥരായ കുട്ടികളും | | | |

**പ്രവർത്തന വിശദാംശം :**

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകനും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

**പ്രവർത്തനം - 26**

**പ്രവർത്തനത്തിന്റെ പേര് : ദിനാചരണം**

**ഉപമേഖല : ഗണിതപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| വിവിധ ശേഷിപ്പുകളുടെ വികസനം | ദിനാചരണം | ആവശ്യാനുസരണം | ക്ലബ്ബ് എസ്.ആർ.ജി. | | | |

**പ്രവർത്തന വിശദാംശം :**

ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ. ജി. യിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.

**പ്രവർത്തനം - 27**

**പ്രവർത്തനത്തിന്റെ പേര് : സ്കൂൾ സമ്പാദ്യ പദ്ധതി**

**ഉപമേഖല : ഗണിതപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ചതുഷ്ക്രിയ ഉറപ്പിക്കുക. ബാങ്കിങ് സമ്പ്രദായം കുട്ടികളിൽ പരിചിതമാക്കുക. സമ്പാദ്യത്തിൽ പ്രാധാന്യം മനസ്സിലാക്കുക | സ്കൂൾ സമ്പാദ്യപദ്ധതിയിൽ നിക്ഷേപിക്കുന്ന തുക, പിൻവലിക്കുന്ന തുക സ്വയം കണ്ടെത്തി ക്ലാസ്സ് അധ്യാപികയുടെ മോണിറ്ററിങ്ങിലൂടെ കൃത്യത ഉറപ്പു വരുത്തി രേഖപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപക, ചുമതല അധ്യാപക/ അധ്യാപകൻ | | | |

**പ്രവർത്തനം - 28**

**പ്രവർത്തനത്തിന്റെ പേര് : Virtual Field Trip**

**ഉപമേഖല : സാമൂഹ്യശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip | അക്കാദിക വർഷം | അധ്യാപകൻ | | | |

**പ്രവർത്തന വിശദാംശം :**

ഐസിടി സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുള്ള വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു.

**പ്രവർത്തനം - 29**

**പ്രവർത്തനത്തിന്റെ പേര് : ഫീൽഡ് ട്രിപ്പ് / സർവേ**

**ഉപമേഖല : സാമൂഹ്യശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | Field Trip Survey | അക്കാദിക വർഷം | അധ്യാപകൻ | | | |

**പ്രവർത്തന വിശദാംശം :**

പരിസ്ഥിതി ചർച്ചയ്ക്കു കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, ജലാശയം എന്നിവ സന്ദർശിച്ച് നടത്തി റിപ്പോർട്ട് തയാറാക്കുന്നു.

**പ്രവർത്തനം – 30**

**പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര ഫെസ്റ്റ്**

**ഉപമേഖല : സാമൂഹ്യശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| നേടിയ അറിവുകളുടെയും ശേഷികളുടെയും അവതരണം | സാമൂഹ്യശാസ്ത്ര ഫെസ്റ്റ് | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകൻ | | | |

**പ്രവർത്തന വിശദാംശം :**

സാമൂഹ്യശാസ്ത്ര പഠനത്തിൽ നേടിയ ശേഷികൾ സ്കൂൾതല അവതരണം

**പ്രവർത്തനം – 31**

**പ്രവർത്തനത്തിന്റെ പേര് : ചിലന്തി വലയിൽ നിന്ന് കുതിച്ചു ചാട്ടം**

**ഉപമേഖല : സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| വിവരസാങ്കേതികവിദ്യയു ടെ ദുരുപയോഗത്തെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും കുട്ടികളെ ബോധവാന്മരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ, SRG, HM PTA | | | |

**പ്രവർത്തനം – 32**

**പ്രവർത്തനത്തിന്റെ പേര് : വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**

**ഉപമേഖല : സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 1. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ, രക്ഷിതാക്കൾ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 2. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്/ മന്ത്രിസഭ | കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ വളർത്തുന്നതിനു സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി മന്ത്രിസഭ രൂപീകരിക്കുന്നു. ഇതിലൂടെ കുട്ടികളിൽ അച്ചടക്ക മൂല്യങ്ങൾ നേടുന്നു. | ജൂലൈ | സ്കൂളിലെ എല്ലാ അധ്യാപകരും | | | |

**പ്രവർത്തനം – 33**

**പ്രവർത്തനത്തിന്റെ പേര് : ഭക്ഷ്യമേള**

**ഉപമേഖല : അധ്യാപകർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| വിവിധ ഭക്ഷ്യ വിഭവങ്ങളെക്കുറിച്ചും ഭക്ഷ്യവസ്തുക്കളെക്കുറിച്ചും മനസ്സിലാക്കുന്നതിനും പോഷകാഹാരങ്ങളെക്കുറിച്ചറിയുന്നതിനും, വിവിധ രുചികളറിയുന്നതിനും (Happy drinks) വിവിധ പാനീയങ്ങൾ പരിചയപ്പെടൽ നിർമാണം (വിവിധ പഴവർഗങ്ങൾ) | സ്കൂളിൽ ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. പ്രദർശനം | ജൂൺ - സെപ്തംബർ | അധ്യാപകൻ രക്ഷകർത്താക്കൾ | | | |

**പ്രവർത്തനം – 34**

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര വിസ്മയ ചുമർ**

**ഉപമേഖല : അടിസ്ഥാന ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| ശാസ്ത്രം രസകരമായി മനസ്സിലാക്കി എളുപ്പത്തിൽ പഠിക്കാൻ | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ കുട്ടികൾ | | | |

**പ്രവർത്തന വിശദാംശം :**

ശാസ്ത്ര പാഠവുമായി ബന്ധപ്പെട്ട് ചിത്രങ്ങൾ, മാതൃകകൾ എന്നിവ ഓരോ ക്ലാസ്സിലും നിർമിക്കുന്നു.

**പ്രവർത്തനം – 35**

**പ്രവർത്തനത്തിന്റെ പേര്　:　ശാസ്ത്ര പരീക്ഷണങ്ങൾ**

**ഉപമേഖല　:　അടിസ്ഥാന ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തൽ | ക്ലാസ്സിലും അസംബ്ലിയിലും പരീക്ഷണം ചെയ്യൽ | മാസത്തിൽ ഒന്ന് | അധ്യാപകർ സയൻസ് ക്ലബ്ബ് | | | |

**പ്രവർത്തന വിശദാംശം :**

ക്ലാസ്സിന് അനുയോജ്യമായ പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്ത് അനുയോജ്യമായ സാമഗ്രികൾ കണ്ടെത്തി കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ക്ലാസിലും അസംബ്ലിയിലും പരീക്ഷണം നടത്താനുള്ള അവസരം നൽകുന്നു. പരീക്ഷണ കുറിപ്പ് തയാറാക്കൽ

**പ്രവർത്തനം – 36**

**പ്രവർത്തനത്തിന്റെ പേര്　:　മേളകൾ**

**ഉപമേഖല　:　അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണെന്നു മനസ്സിലാക്കുക | മേളകൾ | വർഷത്തിൽ ഒരു പ്രാവശ്യം | ക്ലബ്ബുകൾ | | | |

**പ്രവർത്തന വിശദാംശം :**

സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം.

**പ്രവർത്തനം – 37**

**പ്രവർത്തനത്തിന്റെ പേര്　:　യുറേക്ക**

**ഉപമേഖല　:　ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| കുട്ടികൾക്ക് ശാസ്ത്രത്തെയുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്ര അവ ബോധം വർദ്ധിപ്പിക്കുന്നതി നും | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പി.ടി.എ. സയൻസ് ക്ലബ്ബ് | ശാസ്ത്ര അധ്യാപകർ | |

**പ്രവർത്തനം – 38**

**പ്രവർത്തനത്തിന്റെ പേര് : ജൈവ വൈവിധ്യ പാർക്ക്**

**ഉപമേഖല : ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | പിടിഎ | എച്ച്.എം. | |

**പ്രവർത്തനം – 39**

**പ്രവർത്തനത്തിന്റെ പേര് : വിസ്മയ യാത്ര**

**ഉപമേഖല : ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.സി.ടി. യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശ നം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | | ശാസ്ത്ര അധ്യാപകർ | |

**പ്രവർത്തനം – 40**

**പ്രവർത്തനത്തിന്റെ പേര് : Field Trip (കണ്ടറിയാനൊരു യാത്ര)**

**ഉപമേഖല : ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പാഠഭാഗവുമായി ബന്ധപ്പെടുത്തി വിവിധതരം ജൈവ വൈവിധ്യ പാർക്കുകൾ, കാവുകൾ എന്നിവ സന്ദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ്ബ് | പിടിഎ സ്കൂൾ ഗ്രാന്റ് | ശാസ്ത്ര അധ്യാപകർ | |

**പ്രവർത്തനം - 41**

**പ്രവർത്തനത്തിന്റെ പേര് : പരീക്ഷണക്കളരി**

**ഉപമേഖല : ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. ശാസ്ത്ര അഭിരുചി | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോ ഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു. പരീക്ഷണ ക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | പിടിഎ സ്കൂൾ ഗ്രാന്റ് | ശാസ്ത്ര അധ്യാപകർ | |

**പ്രവർത്തനം - 42**

**പ്രവർത്തനത്തിന്റെ പേര് : എക്സ്പ്ലോ - എക്സ്പ്ലോർ**

**ഉപമേഖല : അടിസ്ഥാന ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കാൻ ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പിടിഎ സ്കൂൾ ഗ്രാന്റ് | ശാസ്ത്ര അധ്യാപകർ | |

**പ്രവർത്തനം - 43**

**പ്രവർത്തനത്തിന്റെ പേര് : ഹൈഡ്രോപോണിക്സ്**

**ഉപമേഖല : ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| നൂതന കൃഷി രീതികൾ പരിചയപ്പെടുന്നു. | മണ്ണില്ലാതെ ചെടികളെ പോഷകങ്ങളടങ്ങിയ ലായനിയിൽ വളർത്തിയെടുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് ശാസ്ത്ര അധ്യാപകർ | പിടിഎ സന്നദ്ധ അധ്യാപകർ | എച്ച്.എം. | |

**പ്രവർത്തനം – 44**

**പ്രവർത്തനത്തിന്റെ പേര് : കായിക പരിശീലനം**

**ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| കായിക പരിശീലനം | കായിക പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | കായിക അധ്യാപകർ | | | |

**പ്രവർത്തന വിശദാംശം :**

രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം, ലഘുഭക്ഷണം നൽകൽ.

**പ്രവർത്തനം – 45**

**പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി**

**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിനും അനിവാര്യം | പോഷകാഹാര പരിപാടി | എല്ലാ പ്രവൃത്തി ദിവസവും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, ഹെഡ് മാസ്റ്റർ, പിടിഎ | | | |

**പ്രവർത്തന വിശദാംശം :**

ആഴ്ചയിൽ ഓരോ ദിവസം വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ.

**പ്രവർത്തനം – 46**

**പ്രവർത്തനത്തിന്റെ പേര് : ഹിന്ദി അസംബ്ലി**

**ഉപമേഖല : ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ഹിന്ദി ജ്ഞാനം പരിപോഷിപ്പിക്കുക | ഹിന്ദി അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ക്ലബ്ബ് | | | |

**പ്രവർത്തന വിശദാംശം :**

അസംബ്ലിയുള്ള ദിവസങ്ങളിൽ ചാർട്ട് തയാറാക്കുക. ഡോക്യുമെന്റേഷൻ CPTA യിൽ അവതരണം.

**പ്രവർത്തനം – 47**

**പ്രവർത്തനത്തിന്റെ പേര് : സുരീലി ഹിന്ദി**

**ഉപമേഖല : ഹിന്ദി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **വിലയിരുത്തൽ ചുമതല** | **റിമാർക്ക്സ്** |
|---|---|---|---|---|---|---|
| ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനു മുള്ള അവസരം | സുരീലി ഹിന്ദി | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | | | |

**പ്രവർത്തന വിശദാംശം :**

അധിക വായന സാമഗ്രികളിലൂടെയും, ഐ.സി.റ്റി സഹായത്തിലൂടെ കുട്ടികളെ വായന പരിപോഷിപ്പി ക്കുന്നു. കൂടാതെ കുട്ടികളിലെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി ചിത്രസഹായത്തോടെ ചിത്രകഥ തയാറാക്കൽ, ചിത്രത്തിന്റെ അടിക്കുറിപ്പ് തയാറാക്കൽ, ചിത്രം – കഥപറയൽ, ചിത്രം – കഥ എഴുത്ത്, കഥ ബാക്കി എഴുതൽ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു.

**പ്രവർത്തനം – 48**

**പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ക്ലബ്ബ്**

**ഉപമേഖല : ഹിന്ദി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **വിലയിരുത്തൽ ചുമതല** | **റിമാർക്ക്സ്** |
|---|---|---|---|---|---|---|
| ഹിന്ദി പ്രവർത്തനം സുഗ മമായി നടത്തുന്നതിന് | ഹിന്ദി ക്ലബ്ബ് | അക്കാദമികം | ഹിന്ദി അധ്യാപകൻ ക്ലബ്ബ് | | | |

**പ്രവർത്തന വിശദാംശം :** വിദ്യാലയത്തിലെ ഹിന്ദി ഭാഷ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ് രൂപീകരിക്കും. ക്ലാസ് തലത്തിലും വിദ്യാലയത്തിലും പ്രസിഡന്റ്, സെക്രട്ടറി, മൂന്നു കമ്മിറ്റി അംഗങ്ങൾ എന്നിങ്ങനെ 5 ചുമതലക്കാർ ഉണ്ടാകും.

**പ്രവർത്തനം – 49**

**പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഫെസ്റ്റ്**

**ഉപമേഖല : ഹിന്ദി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** | **വിലയിരുത്തൽ ചുമതല** | **റിമാർക്ക്സ്** |
|---|---|---|---|---|---|---|
| ഹിന്ദി പരിജ്ഞാനം പരിപോഷിപ്പിക്കൽ | ഹിന്ദി ഫെസ്റ്റ് | അക്കാദമിക വർഷ ത്തിൽ 1 പ്രാവശ്യം | ഹിന്ദി അധ്യാപകൻ ക്ലബ്ബ് | | | |

**പ്രവർത്തന വിശദാംശം :**

ഹിന്ദി ഭാഷയിലോ ഹിന്ദി ദിനത്തോടനുബന്ധിച്ചോ, വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവം നടത്തും. അധ്യാപനത്തിലോ, സാഹിത്യത്തിലോ പ്രസിദ്ധരായവരെ കൊണ്ട് ഉദ്ഘാടനം നടത്തും. കൂടു തൽ പേർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി ഗ്രൂപ്പ് ഐറ്റങ്ങൾക്ക് പ്രാധാന്യം നൽകും.

**പ്രവർത്തനം – 50**

**പ്രവർത്തനത്തിന്റെ പേര് : അക്ഷരമാല കളികൾ**

**ഉപമേഖല : ഹിന്ദി ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും ഉറപ്പിക്കൽ | ♦ അക്ഷരം എഴുത്ത്<br>♦ ചിഹ്നം ഉറപ്പിക്കൽ<br>♦ അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ് നിർമാണം<br>♦ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>♦ വാക്കുകൾ എഴുതിയ കാർഡുകൾ നിർമാണം<br>♦ വാക്കുകളുടെ നിർമാണം<br>♦ വാക്യങ്ങളുടെ നിർമാണം | ജൂൺ-ആഗസ്റ്റ് | ഹിന്ദി അധ്യാപിക | | | |

**പ്രവർത്തനം – 51**

**പ്രവർത്തനത്തിന്റെ പേര് : വീട് ഒരു പരീക്ഷണശാല**

**ഉപമേഖല : ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട് ഒരു പരീക്ഷണശാല | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി അധ്യാപിക | | | |

**പ്രവർത്തന വിശദാംശം :**

വീട്ടിലും, നിത്യജീവിതത്തിലും ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയാറാക്കി ഐ.സി.റ്റി സഹായത്തിലൂടെ വസ്തുക്കളും, വാക്കുകളും പരിശീലിക്കുവാനുള്ള അവസരം CWSN കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

പ്രവർത്തനം – 51

പ്രവർത്തനത്തിന്റെ പേര് : അറബി

ഉപമേഖല : അറബി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| അറബി ഭാഷ പഠിക്കാനും സംസാരിക്കുവാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക<br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാപഠനനേട്ടത്തിലൂടെ ഉറപ്പുവരുത്തുക | 1. **പ്രീ–ടെസ്റ്റ്**<br>കുട്ടികളുടെ ഭാഷ മുന്നറിവ് പരിശോധിക്കുന്നതിന് വർക്ക് സീറ്റുകൾ നൽകുന്നു.<br>2. **അറബിഭാഷ കേൾക്കുവാനുള്ള അവസരം കുട്ടികൾക്ക് ഉണ്ടാക്കുക.**<br>കുട്ടികളുടെ ക്ലാസിന്റെ നിലവാരങ്ങൾക്കനുസരിച്ച് അറബിഭാഷ കേൾക്കാനുള്ള അവസരം അധ്യാപകൻ ക്ലാസിൽ സൃഷ്ടിക്കുക | 1 ആഴ്ച<br>12 മാസം | വർക്ക് ഷീറ്റുകൾ<br>കമ്പ്യൂട്ടർ | | | |
| അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | 3. **അക്ഷരങ്ങൾ ഉറപ്പിക്കുക**<br>കുട്ടികൾക്ക് അറബി അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കഴിയുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക. പ്രത്യേകിച്ച് രണ്ടാം ക്ലാസിലേക്ക് പ്രവേശനം ലഭിച്ച കുട്ടികൾക്ക്.<br>4. **വാചകങ്ങൾ നിർമിക്കൽ**<br>കുട്ടികളുടെ ക്ലാസിന്റെ നിലവാരങ്ങൾക്കനുസരിച്ച് അറബി ഭാഷയിൽ വാചകങ്ങൾ നിർമിക്കാനുള്ള ശേഷി ക്ലാസ് റൂം പ്രവർത്തനത്തിലൂടെ സജ്ജമാക്കുക | 2 മാസം<br>6 മാസം | പുസ്തകങ്ങൾ<br>വർക്ക് ഷീറ്റുകൾ | | | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു വരാൻ നല്ല വായനക്കാരൻ ആക്കുക | 5. **വായന വസന്തം**<br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനിറ്റിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക | 12 മാസം | അറബിക് കോപ്പി ചാർട്ടുകൾ<br>വർക്ക് ഷീറ്റുകൾ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| കുട്ടിയുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ അറബി ഭാഷയിലെ തനതായ സൗന്ദര്യം എഴുത്തുകളാണ് | 6. **എഴുത്തുകൂട്ടം**<br>കുട്ടികളിൽ അറബിയുടെ യഥാർഥ strock അനുസരിച്ച് എഴുതുവാനുള്ളശേഷി വർദ്ധിപ്പിക്കുക.<br>കുട്ടികളിൽ ചെറിയ വായനാക്കുറിപ്പുകൾ എഴുതുവാനുള്ള അവസരങ്ങൾ നൽകുക.<br>**നല്ല എഴുത്ത്**<br>ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകും.<br>വർഷത്തിലൊരിക്കൽ കയ്യെഴുത്തും മാഗസിൻ തയാറാക്കുക | 12 മാസം | അറബിക് കോപ്പി<br><br>വർക്ക് ഷീറ്റുകൾ | | | |
| അറബി ഭാഷ പഠിക്കാനും സംസാരിക്കുവാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 7. **അറബിക് കമ്മ്യൂണിക്കേഷൻ**<br>ഓരോ ക്ലാസിന്റെയും നിലവാരത്തിനനുസരിച്ച് ക്ലാസ് റൂമിൽ കുട്ടികൾക്ക് ഭാഷ ഉപയോഗിക്കാനുള്ള അവസരം നൽകുക<br>ക്ലാസ് റൂമിൽ പ്രത്യേക സാഹചര്യങ്ങൾ ഉണ്ടാക്കുകയും കുട്ടികൾക്ക് സംഭാഷണവും കഥ പ്രസംഗം തുടങ്ങിയ ഭാഷശേഷികൾ കുട്ടികളിൽ ഉണ്ടാക്കുന്നതിന് ഉതകുന്ന അവസരങ്ങൾ വിനിമയ വേദികൾ ആശയവിനിമയ വേദികൾ ക്ലാസ് സ്ഥലത്തിലും സ്കൂൾതലത്തിലും നൽകുക. | 12 മാസം | Audio Video Clips<br><br>Computer Projector<br><br>Mobile | | | |
| ലക്ഷ്യം<br>അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | 8. **പദപരിചയം**<br>ഓരോ ദിവസവും ഓരോ പദങ്ങൾ നൽകുന്നു. ഓരോ പദവും ക്ലാസിൽ നോട്ടീസ് ബോർഡിൽ പതിക്കുന്നു. എല്ലാ വിദ്യാർഥികളും അത് എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ | 12 മാസം | ചാർട്ടുകൾ<br>pnel board | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | ഒരു ചെറിയ രൂപത്തിലുള്ള വിലയിരുത്തുകൾ നടത്തുകയും വിജയിച്ച കുട്ടികളെ അനുമോദിക്കുകയും ചെയ്യും | | | | | |
| സർഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | 9 **അറബിക് അസംബ്ലി**<br>എല്ലാ ദിവസവും അറബി പിരീഡ് രാവിലെ അറബിക് അസംബ്ലി സംഘടിപ്പിക്കുകയും മാസത്തിലൊരിക്കൽ സ്കൂൾതല അറബിക് അസംബ്ലി സംഘടിപ്പിക്കുകയും ചെയ്യും.<br>അറബിക് അസംബ്ലിയിൽ കുട്ടികൾ അറബി പദ്യം അറബി പ്രസംഗം, പുസ്തകം പരിചയപ്പെടുത്തൽ, സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ അവതരിപ്പിക്കും. | | | | | |
| കുട്ടികളിൽ അറബി പൊതുഭാഷ വിജ്ഞാനം വർദ്ധിപ്പിക്കുക | 10 **ഒരു ദിനം ഒരു പദം**<br>അറബിക് പൊതു വിജ്ഞാന ക്വിസ് ഓരോ ദിവസവും ഓരോ ചോദ്യങ്ങൾ വീതം നൽകുകയും മാസവസാനം കുട്ടികൾക്ക് ഭാഷാ പൊതുവിജ്ഞാന ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും. | | | | | |

# ഉപസംഹാരം

വരുന്ന ഒരു വർഷക്കാലത്തെ
അക്കാദമികവിന്റെ അലകും പിടിയും ഒരുക്കുന്ന ചിന്തകളാണ്
ഈ പദ്ധതിയിലൂടെ പങ്കുവച്ചത്. ബഹുദൂരം മുന്നേറേണ്ടുന്ന
വിജയസ്വപ്നങ്ങൾക്ക് കരുത്തായി
ഒരു കൂട്ടം രക്ഷകർത്താക്കളും വിദ്യാഭ്യാസ പ്രവർത്തകരും
അവർക്കും മുകളിൽ താങ്ങായും തണലായും
വിദ്യാഭ്യാസ മേഖലയിൽ മാർഗ നിർദേശകരും........
ഒപ്പമുണ്ടാകുമെന്ന് വിശ്വാസത്തോടെ........

**കൃഷ്ണൻകുട്ടി മടവൂർ**
ഹെഡ്മാസ്റ്റർ
ഗവ. യു.പി.എസ്. കാര്യവട്ടം